"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്ത് 'ജീവനം' എന്ന പേരിൽ നടപ്പാക്കി വരുന്ന ജനകീയ ചികിത്സാ പദ്ധതിയുടെ വിഹിതമുപയോഗിച്ച് മരണാനന്തര ധനസഹായം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1393/2025/LSGD തീയതി,തിരുവനന്തപുരം, 05-06-2025

---

പരാമർശം:-

1. 1. പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17/10/2024-ലെ SC2/528/2024 നമ്പർ അപേക്ഷ.
2. 24/04/2025-ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.36

**ഉത്തരവ്**

പറപ്പൂക്കര ഗ്രാമപഞ്ചായത്ത് 2022 മുതൽ ജനങ്ങളിൽ നിന്നുള്ള സംഭാവനയിലൂടെ വിഹിതം കണ്ടെത്തി 'ജീവനം' എന്ന പേരിൽ ജനകീയ ചികിത്സാ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഈ തുക ഉപയോഗിച്ച് പാലിയേറ്റീവ് കെയർ പ്രവർത്തനം, ആംബുലൻസ് സർവീസ്, മൊബൈൽ മോർച്ചറി, ഡയാലിസിസ് രോഗികൾക്ക് ധനസഹായം, പാലിയേറ്റീവ് രോഗികൾക്ക് ഉല്ലാസയാത്ര തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഇതോടൊപ്പം ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ഒരു വ്യക്തി മരണപ്പെട്ടാൽ മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് 3000/- രൂപ ധനസഹായം നല്കാൻ അനുമതി നല്കണമെന്ന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരാമർശം (2) പ്രകാരം ചേർന്ന കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ ആശ്രയകുടുംബങ്ങളിലെയും, അതിദരിദ്ര കുടുംബങ്ങളിലെയും അംഗങ്ങൾ മരിക്കുമ്പോൾ മാത്രം സംഭാവനയിലൂടെ ലഭിക്കുന്ന 'ജീവനം' പദ്ധതിയുടെ വിഹിതത്തിൽ നിന്ന് 3000/- രൂപ (മൂവായിരം രൂപ മാത്രം) വീതം നല്കാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. അതോടൊപ്പം എൻ.എച്ച്.എം.ന്റെ ധനസഹായം ലഭിക്കുന്നതിന്റെ സാധ്യത തേടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി/പ്രസിഡന്റ് പറപ്പൂക്കര ഗ്രാമപഞ്ചായത്ത്.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) / (ആഡിറ്റ്), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Viraj K
Date: 05-06-2025 11:51:17

സെക്ഷൻ ഓഫീസർ.